
# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N.D.S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

**Editors**

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 11 June 1997 No. 3**


## എഡിറ്റോറിയൽ

ഇടക്കിടക്ക് അവിടവിടെയായി കാണപ്പെടുന്ന അസാധാരണ സംഭവങ്ങൾ ഉണ്ടാകുന്നതിന്റെ കാരണം യഥാർത്ഥമായി ആരും ഗ്രഹിക്കുന്നില്ല എന്നതാണ് പരമാർത്ഥം. ഒരു ഗ്രാമം മുഴുവൻ അട്ട ശല്യം മൂലം ഭീഷണി നേരിടുന്നു; മറ്റൊരു സ്ഥലത്ത് ഭൂകമ്പം, ഭൂചലനം, വരൾച്ച, മാറാരോഗം, യുദ്ധം എന്നിങ്ങനെയുള്ള സംഭവങ്ങൾ മൂലം മനുഷ്യ ജീവിതം ദുസഹമായി തീർന്നിരിക്കുന്നു എന്നു പറയുന്നുണ്ട്. അതിനുള്ള പ്രതിവിധി ഭൗതികമായി കണ്ടെത്തുവാൻ ശ്രമിക്കുന്നവർ കാണുന്ന കാരണം ഭൗതികമാണ്. എന്നാൽ ശരിയായ കാരണം അതല്ല എന്നതാണ് വാസ്തവം. മനുഷ്യരും ദൈവവും തമ്മിലുള്ള ബന്ധത്തിൽ വരുന്ന അകൽച്ച കൊണ്ടാണ് ഇത്തരം അനിഷ്ട സംഭവങ്ങൾ ഉണ്ടാകുന്നതു.

പ്രകൃതിയിലും അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവപ്പെടുന്നുണ്ട്. തന്മൂലം കാലാവസ്ഥ മാറി മറിഞ്ഞുകൊണ്ടിരിക്കുകയാണ്. ധാരാളം മഴ കിട്ടിക്കൊണ്ടിരുന്ന പ്രദേശങ്ങളിൽ ഇപ്പോൾ വരൾച്ച അനുഭവപ്പെടുന്നു. മരുഭൂമിയായി കിടന്നിരുന്ന സ്ഥലങ്ങളിൽ മഴ പെയ്യുന്നു. നമ്മുടെ ഉൾക്കണ്ണു തുറക്കേണ്ട സമയമാണ് ഇപ്പോൾ. ഒരു ഭാഗത്തു മനുഷ്യർ പാപത്തിന്റെ പിടിയിൽ അമർന്നിരിക്കുന്നു. അതിൽ നിന്നു വിട്ടുതിരിയുവാൻ അവർ ശ്രമിക്കുന്നില്ല. അവർ അതിൽ സുഖം കണ്ടെത്തുന്നു. അപ്പോ

ം ദൈവം സകല മനുഷ്യർക്കും ഭയത്തിനായി ഒരു പ്രവർത്തി ചെയ്യുന്നു. പക്ഷെ അവരുണ്ടോ തിരിച്ചറിയുന്നു? അവർ തങ്ങളുടെ പ്രവർത്തിയുടെ ഫലം ആണ് ഇപ്പോൾ ഉണ്ടായിട്ടുള്ളതു എന്നു മനസിലാക്കുന്നില്ല. അക്കാരണത്താൽ അവർ തങ്ങളുടെ പാപം വീണ്ടും വർദ്ധിപ്പിക്കുന്നു.

ദൈവ കോപമാണ് മനുഷ്യർക്കുണ്ടാകുന്ന ശിക്ഷയുടെ കാരണം. അനുസരണക്കേട് മനുഷ്യരിൽ വർദ്ധിച്ചു വരികയാണ്. ഏതൊരു കുടുംബത്തിൽ ആയാലും വ്യക്തികളിൽ ആയാലും ദൈവത്തെ ഭക്തിയോടെ അനുസരിക്കുന്നവർ വിരളമാണ്. തന്നെയുമല്ല, ദൈവത്തിനു കോപം ജനിക്കുന്ന പ്രവർത്തികളാണ് ഓരോരുത്തരും ചെയ്യുന്നതു. ദൈവ നിയമത്തിനു കടക വിരുദ്ധമായിട്ടാണ് രാഷ്ട്രീയക്കാരും, ഭരണ തന്ത്രജ്ഞന്മാരും ഉദ്യോഗസ്ഥന്മാരും മത നേതാക്കളും എല്ലാം ചെയ്യുന്നതു. അപ്പോൾ പിന്നെ പ്രതികരിക്കാതിരിക്കാൻ പററുമോ? ദൈവം ശരിയായി പ്രതികരിച്ചാൽ ആരും ഈ ലോകത്ത് അവശേഷിക്കയില്ല. ആരും നശിച്ചു പോകണമെന്ന് ദൈവത്തിനു ഉദ്ദേശ്യമില്ല. എല്ലാവരും ദൈവത്തിൻെറ അനുഗ്രഹങ്ങൾ പ്രാപിക്കണമെന്നും രക്ഷ പ്രാപിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു.

തെററുകൾ തിരുത്തി നേർവഴിയിലേക്ക് തിരിഞ്ഞാൽ മാത്രമെ ഇവ ഒഴിവാക്കാൻ പററു. മനുഷ്യ വഴി വിട്ട് ദൈവത്തിൻെറ വഴിയിലേക്ക് ആളുകൾ തിരിയണം. അതിനു ദൈവത്തിൽ വിശ്വാസം വേണം. വിശ്വാസം ഉള്ളവർ ദൈവത്തിൻെറ അരുളപ്പാടുകളെ അനുസരിച്ച് ദൈവത്തെ പ്രസാദിപ്പിക്കും. അപ്പോൾ ദൈവ കോപം നീങ്ങിപ്പോകും. സമാധാനവും സന്തോഷവും നിത്യമായ അനുഗ്രഹങ്ങളും ആത്മ രക്ഷയോടൊപ്പം ദൈവം തരികയും ചെയ്യും.

★

# ശ്രദ്ധയോടെ ദൈവ കല്പന കൾ പ്രമാണിക്കൽ

## J.C. ചോട്ട്

ദൈവം മനുഷ്യ നന്മക്കായി തന്നിട്ടുള്ള കല്പനകളെ നാം ഓരോരുത്തരും അനുസരിക്കേണ്ടതാകുന്നു. ചിലർ അതു ശ്രദ്ധയോടെ ചെയ്യുന്നു. മററുള്ളവർ ലാഘവത്തോടെ അശ്രദ്ധമായി ചെയ്യുന്നു. ഇതു രണ്ടും തമ്മിൽ വ്യത്യാസം ഉണ്ട്. മനസ്സിനെ ഏകാഗ്രമായി സൂക്ഷിക്കാതെ ഇരിക്കുന്നവർ ഉണ്ട്. നമ്മൾ കാര്യമായി എന്തെങ്കിലും പറയുമ്പോൾ അവർ ശ്രദ്ധിക്കുന്നുണ്ട് എന്നു നമുക്കു തോന്നും. പക്ഷെ അവരുടെ മനസ്സ് മററെവിടെയെങ്കിലും ആയിരിക്കും. പിന്നീട് ഒരവസരത്തിൽ ഞാൻ അന്നു നിങ്ങളോട് അതു പറഞ്ഞില്ലേ എന്നു ചോദിക്കുമ്പോൾ അവർ കൈമലർത്തും. അശ്രദ്ധ പലരേയും കാർന്നു തിന്നുന്നുണ്ട്. ഒരു പക്ഷെ അവർ ആ സമയത്ത് മററെന്തെങ്കിലും പ്രശ്നങ്ങളാൽ വ്യാകുലപ്പെട്ടുകൊണ്ടിരിക്കും. എങ്ങനെയായാലും അതുകൊണ്ടുണ്ടാവുന്ന അനന്തര ഫലങ്ങൾ നാം സൂക്ഷിക്കേണ്ടതാണ്. കുട്ടികളിലും പ്രായമുള്ളവരിലും ഇതു ദൃശ്യമാണ്.

മോശെ, ഇസ്രായേൽ ജനത്തെ നയിച്ചുകൊണ്ടിരുന്നപ്പോൾ ദൈവം അവരോട് ആജ്ഞാപിച്ച ചട്ടങ്ങളും വിധികളും അറിയിച്ചുകൊണ്ടിരുന്നു. ദൈവ കല്പനകൾ എങ്ങനെ പ്രമാണിക്കണമെന്നും അവൻ അവരോടു പറയുകയുണ്ടായി. ''ഞാൻ ആജ്ഞാപിക്കുന്ന ഈ സകല കല്പനകളും ജാഗ്രതയോടെ പ്രമാണിച്ചു നിങ്ങൾ നിങ്ങളുടെ ദൈവമായ യഹോവയെ സ്നേഹിക്കയും അവന്റെ എല്ലാ വഴികളിലും നടന്നു അവനോടു ചേർന്നിരിക്കയും ചെയ്താൽ യഹോവ ഈ ജാതികളെയെല്ലാം നിങ്ങളുടെ കയ്യിൽ നിന്നു നീക്കി കളയും; നിങ്ങളെക്കാൾ വലിപ്പവും ബലവും ഉള്ള ജാതികളുടെ ദേശം നിങ്ങൾ കൈവശമാക്കും (ആ

വർത്തന പുസ്തകം 11:22-23). ജാഗ്രത, ശ്രദ്ധ എന്നു പറയുമ്പോൾ എങ്ങനെയെങ്കിലും അനുസരിച്ചാൽ പോരാ എന്നു വ്യക്തം. ദൈവ കല്പനകൾ അനുസരിക്കുന്നവർ അതു പൂർണ്ണ ഗൗരവത്തോടെ വേണം ചെയ്യുവാൻ. ഫലം തരുന്ന ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം ലക്ഷ്യം. ഒരിക്കലും ഒരു ചടങ്ങായി തീരരുത് എന്നു സ്പഷ്ടം.

"എല്ലാ കല്പനകളും നിങ്ങൾ ശ്രദ്ധയോടെ കേട്ടനുസരിക്കുന്നുവെങ്കിൽ" എന്ന പ്രയോഗം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ദൈവത്തെ ശ്രദ്ധാപൂർവ്വം അനുസരിക്കുന്നതിന്റെ ഫലമായി കിട്ടുന്നതാണ് ദൈവാനുഗ്രഹങ്ങൾ. അതായത് ദൈവത്തിന്റെ അരുളപ്പാടുകളെ അശ്രദ്ധമായി കൈകാര്യം ചെയ്യുന്നവർക്ക് ദൈവം അനുഗ്രഹം കൊടുക്കുന്നില്ല. ദൈവത്തെ അനുസരിക്കുവാൻ താല്പര്യപ്പെടുന്നവർ അതു ഗൗരവത്തോടെ വേണം ചെയ്യുവാൻ. അവന്റെ നിർദ്ദേശങ്ങൾ അവർ കർശനമായി പാലിക്കയും വേണം. നിസാരമെന്ന് തള്ളിക്കളയാവുന്ന ഒന്നല്ല ഇതു. അലംഭാവത്തോടെ ചെയ്യേണ്ടതല്ല ദൈവത്തെ അനുസരിക്കൽ. അതു ഹൃദയത്തിൽ തോന്നിയിട്ടു വേണം. അതേ സമയം കൃതകൃത്യത കൈവരിക്കയും വേണം. യാന്ത്രികമായ ചടങ്ങുകളാൽ ദൈവത്തെ പ്രീതിപ്പെടുത്താമെന്ന് വിചാരിക്കേണ്ട. ദൈവ വിധികളും വഴികളും സൂക്ഷ്മമായി പരിശോധിച്ച് അത് അങ്ങനെ തന്നെ അനുസരിക്കണം. അല്പം പോലും മാററം വരുത്തരുത്. ദൈവത്തിന്റെ ആത്മിയ നിലവാരത്തിനു കോട്ടം സംഭവിക്കുവാൻ സാദ്ധ്യമല്ല. ദൈവത്തെ നാം തരം താഴ്ത്താൻ ശ്രമിക്കരുത്.

മോശെയുടെ കാലത്ത് ദൈവ ജനമായിരുന്ന ഇസ്രായേലും ദൈവവുമായുള്ള ബന്ധം എങ്ങനെയായിരുന്നു എന്നതു പരിശോധിക്കാം. ദൈവത്തിന്റെ ഉപദേശങ്ങളെ അവർ ലാഘവത്തോടെ കണക്കാക്കിയപ്പോൾ അതിന്റെ ഫലം എന്തെന്ന് അവരെ ബോദ്ധ്യപ്പെടുത്തി കൊടുക്കുന്നു. അവർ അന്നു ശ്രദ്ധയോടെ ദൈവ കല്പനകൾ

കൈകാര്യം ചെയ്യണമായിരുന്നു. ഇന്നു നാം പുതിയ നിയമത്തിൻ കീഴിൽ ജീവിക്കുന്നവരാണ്. നമുക്ക് അവരേക്കാറം ഈ കാര്യത്തിൽ എന്തെങ്കിലും പ്രത്യേകതയുണ്ടോ? ഇല്ല. നമ്മളും ദൈവ കല്പനകറം ജാഗ്രതയോടെ നിവർത്തിക്കണം. യേശുക്രിസ്തുവിൻെറ ഉപദേശത്തിൽ നിന്നു അതിർ കടന്നു പോകുന്നവനു ദൈവം ഇല്ല എന്നു പറഞ്ഞിരിക്കുന്നു (2 യോഹന്നാൻ 9_10). കർത്താവ് എന്താണ് പറഞ്ഞിരിക്കുന്നതെന്നു ശ്രദ്ധിച്ചു വായിച്ചു മനസിലാക്കണം, കേട്ട് ജാഗ്രതയോടെ അനുസരിക്കണം. പുതിയ നിയമത്തിൽ എഴുതിയിരിക്കുന്നതിനു അപ്പുറമായി നാം ഭാവിക്കരുത്. അതിൽ മായം കലർത്തരുത്; കൂട്ടുകയോ കുറയ്ക്കുകയോ അരുതു. നമ്മുടെ ദൈവം തീഷ്ണതയുള്ളവനാണ് എന്നോർക്കുക. നാമും ദൈവവുമായുള്ള ബന്ധം അരക്കിട്ടുറപ്പിക്കുന്നതാണ് നമ്മുടെ ദൈവത്തോടുള്ള അനുസരണം.

ദൈവേഷ്ടം നിറവേററിയാൽ അവരുടെ കഴിവുകറക്കപ്പുറമായി പലതും ചെയ്യുവാൻ തക്ക ശക്തി നല്കി ദൈവം തങ്ങളെ അനുഗ്രഹിക്കുമെന്ന് പുരാതന കാലത്തു ജീവിച്ചിരുന്ന ദൈവ ജനം മനസിലാക്കി. അന്നു അങ്ങനെയായിരുന്നുവെങ്കിൽ അതിനു ഇന്നും മാററമില്ല. നാം ദൈവത്തിനു കീഴ്പ്പെടുന്നുവെങ്കിൽ അവൻ നമ്മെ രക്ഷിക്കയും അനുഗ്രഹിക്കയും ചെയ്യും. കൂടാതെ നമ്മുടെ പരിമിതികറക്കപ്പുറമായി പലതും ചെയ്യുവാൻ നമ്മെ ദൈവം പ്രാപ്തരാക്കയും ചെയ്യും. അമാനുഷമോ അത്ഭുതമോ ആയ കാര്യങ്ങളെയല്ല ഞാൻ സൂചിപ്പിക്കുന്നതു. പിന്നെയോ നമുക്ക് അസാദ്ധ്യമായ വൻകാര്യങ്ങളെ ദൈവം നമ്മിൽ വസിച്ചു, ശക്തി പകർന്നു പ്രവർത്തിക്കും. തന്നെ അനുസരിക്കുന്നവർക്കാണ് ഈ നേട്ടം അനുഭവിക്കാൻ പററുന്നതു. ഒന്നു നാം ഓർക്കണം, ദൈവത്തെ കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. ദൈവം നമ്മോടുകൂടെയുണ്ടെങ്കിൽ സകലവും സാദ്ധ്യമാണ്. ഇതു ദൈവത്തിൻെറ വാഗ്ദാനമാണ്. മുൻകാല അനുഭവങ്ങറം നമ്മെ ഉറപ്പിക്കുവാൻ പര്യാപ്തമാണ്.

നമ്മുടെ ആവശ്യങ്ങൾ എല്ലാം നിറവേററി തരുവാൻ കർത്താവ് ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതത്തിൽ അധികമൊന്നും കർത്താവ് പ്രവർത്തിക്കുന്നില്ലെങ്കിൽ അതിൻെറ കുറവ് നമ്മിൽ തന്നെയാണ്. അവൻ പ്രവർത്തിക്കേണ്ടതിനു നാം അവനെ അനുവദിക്കുന്നില്ല എന്നു സാരം. നാം ഇടർച്ചയും തടസവുമായി നിലകൊള്ളുന്നു. നാം അവനെ അവിശ്വാസത്താൽ, സംശയത്താൽ നിരസിക്കുന്നു. അതുകൊണ്ടു അവനെ അനുസരിക്കയോ സേവിക്കയോ, അവൻെറ ഇഷ്ടം പാലിക്കയോ ചെയ്യുന്നില്ല. നാം നമ്മുടെ ഇഷ്ട പ്രകാരം കാര്യങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നു. സംശയത്തിൽ നിന്നു ഭയവും തൻ നിമിത്തം പാപവും ഇടയിൽ വന്നു ചേരുന്നു. നാം നമ്മെ തന്നെ ഒന്നു വിലയിരുത്തിയാൽ സംശയിക്കുന്ന നാം എത്ര വിഡ്ഢികളാണ്? നാം എത്ര അല്പ വിശ്വാസികളാണ്? കർത്താവിങ്കലേക്ക് കണ്ണു തുറക്കുന്നവർക്കേ അതു തിരിച്ചറിയാനാകൂ. ഇങ്ങനെയുള്ള തിരിച്ചറിവ് നമ്മുടെ മനോഭാവത്തിൽ മാററമുണ്ടാകുന്നു. അങ്ങനെ കർത്താവിൻെറ സന്നിധിയിൽ താഴുന്നു. പിന്നീട് നാം എടുക്കുന്ന തീരുമാനങ്ങൾ എല്ലാം ദൈവത്തിൻേറതായി മാറും. ദൈവത്തിൻെറ ആലോചന പ്രകാരമേ നടക്കൂ. തൽഫലമായി എല്ലാ ദൈവിക അനുഗ്രഹങ്ങളും നമുക്കായി ചൊരിയുന്നു.

ലോകത്തിൽ നമുക്കു ചുററുപാടും ഒന്നു കണ്ണോടിച്ചു നോക്കാം. അശ്രദ്ധയോടെ തെററുകൾ ചെയ്യുന്നവർ പെട്ടെന്നു കൊല്ലപ്പെടുവാൻ സാദ്ധ്യതയുണ്ട്. നമ്മുടെ പഠനത്തിൽ, ജോലിയിൽ, കളികളിൽ, സഭയിൽ എല്ലാം നാം വളരെ ശ്രദ്ധിക്കണം. കേൾക്കുന്നതു ശ്രദ്ധിക്കണം, പറയുന്നതു ശ്രദ്ധയോടെ വേണം, പ്രവർത്തിക്കുന്നതു ജാഗ്രതയോടെയായിരിക്കണം, റോഡിൽ കൂടെ നടക്കുമ്പോഴോ, വാഹനം ഓടിക്കുമ്പോഴോ ശ്രദ്ധ പോയാൽ എന്തു സംഭവിക്കും എന്നു ചിന്തിച്ചു നോക്കുക. അപകടം സംഭവിക്കാൻ ഇടയാകും. വിമാനം ഓടിക്കുന്നവർക്കോ അവർക്കും അത്യാവശ്യമായ ചില ജോലികൾ ശ്രദ്ധിച്ചി

ല്ലെങ്കിൽ അപകടം വരുത്തിവെക്കും. ഡോക്ടർ ചികിത്സിക്കുന്ന രോഗിയിൽ വേണ്ടത്ര ശ്രദ്ധിച്ചില്ലെങ്കിൽ മരണം നിശ്ചയമാണ്. വളരെ ശ്രദ്ധയോടെ ചെയ്യേണ്ട കാര്യങ്ങളാണ് എല്ലാ ജോലികളും. ഈ പ്രവർത്തനങ്ങളെല്ലാം ചെയ്യേണ്ടതു ശ്രദ്ധയോടെയാകണം എന്നു വരികിൽ അതിനേക്കാറം എത്രയോ ശ്രദ്ധയോടെ വേണം ദൈവ വചനത്തെയും അവന്റെ നിർദ്ദേശങ്ങളെയും പിൻപററുവാൻ. ശ്രദ്ധിച്ചില്ലെങ്കിൽ അവസാനം നിത്യമായ മരണമായിരിക്കും ഫലം.

ആദ്യമായി, രക്ഷ പ്രാപിക്കുന്നതിനു നമുക്ക് ഒരു ആത്മാവുണ്ട്. ആകയാൽ അവന്റെ ഉപദേശം അനുസരിക്കുവാൻ ദൈവ വചനം വായിച്ച് ദൈവേഷ്ടം മനസിലാക്കണം. അവന്റെ നിർദ്ദേശങ്ങളെ പിൻപററുമ്പോറം ദൈവം പറഞ്ഞിരിക്കുന്നതു പോലെയാണോ നാം ചെയ്യുന്നതു എന്നു ഉറപ്പു വരുത്തണം. നാം അവനെ അനുസരിക്കുന്നതിൽ പരാജയപ്പെട്ടാൽ രക്ഷ കിട്ടുകയില്ല. മററുള്ളവരെ പഠിപ്പിക്കുമ്പോറം ദൈവ വചനം കൈകാര്യം ചെയ്യുന്നതു അതീവ ശ്രദ്ധയോടെയായിരിക്കണം. നാം ഒരിക്കലും മററുള്ളവരെ വഞ്ചിക്കയോ തെററായി നയിക്കയോ ചെയ്യരുത്. ദൈവത്തിൽ നിന്നു ആരെയും അകററുകയും അരുത്. കേറംക്കുന്നവർ ഗ്രഹിക്കേണ്ടതിനു നാം ക്ഷമയോടെ ശ്രദ്ധയോടെ ഓരോ വാക്യവും എടുത്തു കാണിച്ചു കൊടുത്തു അനുസരിക്കാൻ പഠിപ്പിക്കണം. അല്ലെങ്കിൽ അതു അവർക്കു പ്രയോജനപ്പെടുകയില്ല.

അവസാനമായി ഒന്നു കൂടെ ഓർപ്പിക്കട്ടെ. നാം ദൈവവുമായി, അവന്റെ വചനത്തെയും ആത്മാവിനെയും നിത്യതയേയും ആണ് കൈകാര്യം ചെയ്യുന്നതു. അപ്പോറം പ്രാധാന്യം എത്രമാത്രം കുറച്ചു കാണാൻ പററും? തെററു സംഭവിക്കാതെ ശ്രദ്ധയും ജാഗ്രതയും പുലർത്തണം.

★

# ക്രിസ്തുവിൽ ആകാതിരിക്കാൻ എങ്ങനെ കഴിയുന്നു?

**W.A. ഹോളെ**

ക്രിസ്തുവിൽ ആയി തീരുക എന്നു പറഞ്ഞാൽ എന്താണെന്നു മനസിലായാൽ ക്രിസ്തുവിൽ ആയി തീരാതിരിക്കുക എന്നു പറഞ്ഞാൽ എന്താണെന്ന് എളുപ്പത്തിൽ മനസിലാകും. ക്രിസ്തുവിന്റെ സ്വഭാവം, പെരുമാററം, ജീവിത ക്രമം എന്നിവ തിരിച്ചറിയാൻ പ്രയാസമില്ല. ബൈബിളിൽ യേശുവിന്റെ പൂർണ്ണ വ്യക്തിത്വം വെളിപ്പെടുത്തിയിട്ടുണ്ട്. അതു വായിച്ചാൽ സാമാന്യ ബുദ്ധിയുള്ള ആർക്കും ഗ്രഹിക്കാവുന്നതാണ്. ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുന്നു എന്നു പറയുകയും ക്രിസ്തുവിന്റെ സ്വഭാവത്തെ പിൻ പററാതിരിക്കുകയും ചെയ്യുന്നതു വിരോധാഭാസമാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നവർ ആണല്ലൊ ക്രിസ്ത്യാനികൾ. ദൈവ ഹിതത്തിനായി സ്വയം അർപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ ചിത്രമാണ് അവന്റെ മഹത്വത്തെ ഉയർത്തുന്നത്. ക്രിസ്തുവിൽ ആണ് എന്നു പറയുക, ക്രിസ്ത്യാനിയാണ് എന്നു പറയുന്നതു വലിയ അഭിമാനമായി കരുതുന്നവർ ഉണ്ട്. പേരിൽ മാത്രം അറിയപ്പെടുന്നവർക്കു അതിൽ വലിയ അഭിമാനം അവകാശപ്പെടുവാനില്ല. വാസ്തവത്തിൽ അങ്ങനെ ആയി തീർന്നവർക്ക് അഭിമാനിക്കാൻ ഉണ്ടുതാനും.

റോമാ നഗരത്തിൽ ക്രിസ്ത്യാനികളായി തീർന്നവർക്കു പൌലൊസ് ലേഖനം എഴുതുമ്പോൾ അറിയിക്കുന്നത് "എന്റെ ചാർച്ചക്കാരും സഹബദ്ധന്മാരായ അന്ത്രൊനിക്കൊസിന്നും യൂനിയാവിന്നും വന്ദനം ചൊല്ലുവിൻ; അവർ അപ്പൊസ്തലന്മാരുടെ ഇടയിൽ പേർ കൊണ്ടവരും എനിക്കു മുമ്പെ ക്രിസ്തുവിൽ വിശ്വസിച്ചവരും ആകുന്നു. കർത്താവിൽ എനിക്കു പ്രിയനായ അംപ്ലിയാത്തൊസി

ന്നു വന്ദനം ചൊല്ലുവിൻ. ക്രിസ്തുവിൽ ഞങ്ങളുടെ കൂട്ടു വേലക്കാരനായ ഉർബ്ബാനൊസിന്നു വന്ദനം ചൊല്ലുവിൻ. ക്രിസ്തുവിൽ സമ്മതനായ അപ്പെല്ലേസിനു വന്ദനം ചൊല്ലുവിൻ (റോമർ 16:7-10). ക്രിസ്തുവിൽ ആയി തീർന്നവരെ പേരെടുത്തു പറഞ്ഞു അവർക്കു വന്ദനം അറിയിക്കയാണ് പൌലൊസ് ചെയ്യുന്നതു. ക്രിസ്തുവിൽ ആയവർക്കു ചില പ്രത്യേകതകൾ ഉണ്ട് എന്ന കാര്യത്തിൽ സംശയമില്ല. ക്രിസ്തുവിൽ എന്ന പ്രസ്താവന പൌലൊസ് അപ്പൊസ്തലൻ നല്കിയിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കണം എന്നു ഞാൻ വായനക്കാരനെ ഓർപ്പിക്കയാണ് (റോമർ 16:5-16). വെറുതെ വായിച്ചു കളയാതെ അവിടെ പ്രതിപാദിച്ചിരിക്കുന്ന അർത്ഥം മനസ്സിലാക്കുക.

ക്രിസ്തുവിൽ ആയിരിക്കുക, എന്നതു രണ്ടും രണ്ടു വ്യത്യസ്ഥ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത് (എഫെസ്യർ 1.6-7; 1 യോഹന്നാൻ 5:19). ഒരാൾ ക്രിസ്തുവിൽ ആണെങ്കിൽ അയാളിൽ യേശുവിന്റെ ശക്തിയും വാഴ്ച്ചയും ഉണ്ടായിരിക്കും. മാത്രമല്ല, ക്രിസ്തുവിൽ ഉള്ള സകല അനുഗ്രഹങ്ങളും അവനു അനുഭവിക്കാൻ ലഭിക്കയും ചെയ്യും. "ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൌലൊസ് എഫെസൊസിൽ ഉള്ള വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്കു എഴുതുന്നതു നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ. സ്വർഗ്ഗത്തിൽ സകല ആത്മീയ അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ (എഫെസ്യർ 1:1-3).

ഒരാൾ ലോകത്തിൽ ആയി തീരുന്നു എന്നു കരുതുക. അപ്പോൾ അയാൾ സാത്താന്റെ ശക്തിയിലും അധീനതയിലും ആകുന്നു. അതിന്റെ അപകടം എന്തെന്നാൽ അവസാ

നം പിശാചിനും അവൻെറ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യ ശിക്ഷാവിധിയിലേക്ക് തള്ളപ്പെടും എന്നതാണ്. യെഹൂദന്മാരോടു കർത്താവു പറയുന്നതു: "നിങ്ങൾ പിശാചെന്ന പിതാവിൻെറ മക്കൾ; നിങ്ങളുടെ പിതാവിൻെറ മോഹങ്ങളെ ചെയ്‌വാൻ ഇച്ഛിക്കുന്നു. അവൻ ആദി മുതൽ കുലപാതകൻ ആയിരുന്നു. അവനിൽ സത്യം ഇല്ലായ്‌ക കൊണ്ടു സത്യത്തിൽ നില്ക്കുന്നതുമില്ല. അവൻ ഭോഷ്ക്ക് പറയുമ്പോൾ സ്വന്തത്തിൽ നിന്നു എടുത്തു പറയുന്നു. അവൻ ഭോഷ്ക്കു പറയുന്നവനും അതിൻെറ അപ്പനും ആകുന്നു (യോഹന്നാൻ 8:44). ദൈവത്തിൻെറ മക്കൾ ആരെന്നും പിശാചിൻെറ മക്കൾ ആരെന്നും തിരിച്ചറിയുവാൻ കഴിയും (1 യോഹന്നാൻ 3:10). നിഗളം കൊണ്ടാണ് പിശാച് ദൈവത്തോട് മത്സരിച്ചതു. അങ്ങനെ പാപം ചെയ്തതുകൊണ്ടാണ് ശിക്ഷാവിധിയിൽ അകപ്പെട്ടത്. ഈ ലോകം ദുഷ്ടൻെറ കയ്യിലാണ്. ലൗകിക കാര്യങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തി ജീവിക്കുന്നവർ പിശാചിനെ പിൻ പററുകയാണ്. ദൈവിക വഴി അടെച്ചു കളയുകയാണ് പിശാച് ചെയ്യുന്നത്. അതുകൊണ്ട് ലോകത്തിനു അടിമപ്പെടാതെ സൂക്ഷിക്കുക.

അതുകൊണ്ട് തിരിച്ചറിവിൽ എത്തിയ ഉത്തരവാദിത്വമുള്ള ഏതൊരു വ്യക്തിയും ഒന്നുകിൽ ക്രിസ്തുവിൽ അല്ലെങ്കിൽ ക്രിസ്തുവിനു പുറത്ത് ആണ്. അതിനു രണ്ടിനും ഇടയ്ക്ക് ഒരു സ്ഥാനം ഇല്ല. ലൗകികമായ മദ്ധ്യവർത്തികൾ ഇല്ല എന്നു സാരം. യേശുക്രിസ്തു പറഞ്ഞിരിക്കുന്നത്: രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല. അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മററവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുവനോടു പററിച്ചേർന്നു മററവനെ നിരസിക്കും. നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല. നാം ദൈവത്തിൻെറ മക്കൾ എങ്കിൽ നാം അവകാശികളാകും. ദൈവത്തിൻെറ ആത്മാവിനെ പ്രാപിച്ചിരിക്കും. ദൈവത്തിൻെറ

സകല അവകാശികൾക്കും നാം ഓഹരിക്കാരാകും. ഇല്ലെങ്കിൽ നാം ലോകത്തിന്റെ അവകാശികളും പിശാചിന്റെ കൂട്ടവകാശികളും ആയിരിക്കും. ഒരാളുടെ ബന്ധം ആരോടാണ് എന്നു അവന്റെ സംസാരവും പ്രവർത്തിയും സൂചിപ്പിക്കുന്നു.

നിത്യമായി നഷ്ടപ്പെട്ടു പോകരുത് എന്നു ഒരാൾ ആഗ്രഹിക്കുന്നുവെങ്കിൽ അയാൾ ക്രിസ്തുവിൽ ആയി തീരും. അപ്പൊസ്തലനായ പൌലൊസ് തന്റെ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്: "മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി തീർന്നു. അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തെയും ഒന്നാക്കി ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ ഇല്ലാതാക്കി. അതിനാൽ ഇരുപക്ഷത്തെയും ഏക ശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നെ (എഫെസ്യർ 2:13-16). ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളും അല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരും അത്രേ (എഫെസ്യർ 2:19).

ദൈവത്തിന്റെ സ്വത്തിൽ നിന്നു പിതൃ സ്വത്തവകാശം നമുക്കു വേണമെന്നുണ്ടെങ്കിൽ നാം ക്രിസ്തുവിൽ ആകണം. ഈ കാര്യത്തിൽ ദൈവത്തിന്റെ തീരുമാനം വെളിപ്പെടുത്തിയിരിക്കുന്നതു വായിക്കുക. അതു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതു എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാല സമ്പൂർണ്ണതയിലെ വ്യവസ്ഥക്കായി കൊണ്ടു തന്നേ. അവനിൽ നാം അവകാശവും പ്രാപിച്ചു, തന്റെ ഹിതത്തിന്റെ ആലോചന പോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയ പ്രകാരം മുന്നറിയിക്കപ്പെട്ടതു മുമ്പിൽ കൂട്ടി ക്രിസ്തുവിൽ ആശ വെച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്ക് ആകേണ്ടതിനു തന്നേ (എഫെസ്യർ 1:10-12). അതു

മാത്രമാണോ നമുക്കുള്ള അവകാശം എന്നറിയാൻ യഹോവ യായ ദൈവത്തിന്റെ വിശദീകരണം പരിശോധിക്കുക. "യഹോവയുടെ അംശം അവന്റെ ജനവും, യാക്കോബ് അവന്റെ അവകാശവും ആകുന്നു (ആവർത്തന പുസ്തകം 32:9). അപ്പോൾ ദൈവ ജനം ദൈവത്തിന്റെ പ്രത്യേകതയുള്ള അവകാശമാണ്. അതുകൊണ്ടു ക്രിസ്തുവിൽ ആയി തീർന്നവർ ദൈവത്തിന്റെ മക്കളും അവകാശികളും ആകുന്നു (1 പത്രോസ് 2:5-9).

ഏതൊരാൾക്കും ക്രിസ്തുവിൽ ആകാൻ കഴിയും. അതിനു മതമോ, ജാതിയോ, വർഗ്ഗമോ, സമുദായമോ, നോക്കേണ്ട കാര്യമില്ല. ക്രിസ്തുവിൽ വിശ്വാസം അർപ്പിക്കണം. അതിനു തെളിവുകളായി തന്നിരിക്കുന്ന തിരുവെഴുത്തുകളെ പരിശോധിക്കണം. അന്ധമായി വിശ്വസിക്കരുതു. അതു ദൈവം വെറുക്കുന്നു. വ്യർത്ഥമായ വിശ്വാസമല്ല നമുക്കു വേണ്ടതു. ജീവിക്കുന്ന വിശ്വാസമാണ്. അതു നമ്മുടെ ഹൃദയത്തിൽ നിന്നും ഉത്ഭവിക്കുന്നു. വെറും ഒരു തോന്നലായി വിശ്വാസത്തെ കാണരുത്. ക്രിയാത്മകമായ വിശ്വാസം അനന്തര നടപടികളിലേക്ക് തിരിയും. വിശ്വാസം വന്ന ഒരാൾ തന്റെ ജീവിതത്തെ മാററും. സ്വന്ത അഭിപ്രായത്തേക്കാൾ ദൈവത്തിന്റെ ആലോചനകൾക്കു മുൻ തൂക്കം കൊടുക്കും. തെററുകൾ തിരുത്തും. ശരിയായ വഴിയിൽ കൂടെ സഞ്ചരിക്കും. മനസ്സിൽ ഒരു മാററം വരുത്തി അതനുസരിച്ച് ജീവിക്കാൻ തുടങ്ങും. മാനസാന്തരപ്പെട്ട വ്യക്തി കർത്താവ് ദൈവ പുത്രനാണെന്ന് ഏററു പറയും. കാരണം അവൻ കർത്താവിനെ കുറിച്ചു ലജ്ജിക്കുന്നില്ല. ആത്മ രക്ഷക്കു പാപ മോചനം കൂടിയേ തീരു. അതിനായി കല്പിച്ചിരിക്കുന്ന വെള്ളത്തിലെ അടക്കമാകുന്ന സ്നാനം ഏല്ക്കണം. ഇത്രയും ചെയ്യുമ്പോൾ കർത്താവ് ആ വ്യക്തിയെ രക്ഷിച്ച് തന്റെ സഭയിൽ ചേർക്കുന്നു.

★

# ശരിയായ ആശയവിനിമയം

**ഗ്രേഗ മാക്ഡേഡ്**

"സകലത്തിനും നിന്നെത്തന്നേ സൽപ്രവർത്തികൾക്കു മാതൃകയാക്കി കാണിക്ക" (തീത്തോസ് 2:7) എന്ന് അപ്പൊസ്തലനായ പൌലൊസ് മുതിർന്നവരെയും യുവാക്കളെയും ഒരു പോലെ പ്രബോധിപ്പിക്കുന്നു. ഒരു ക്രിസ്ത്യാനിയുടെ സാക്ഷ്യമുള്ള ജീവിതത്തിന്റെ പ്രധാന ഭാഗമായി "ശരിയായ സംഭാഷണം" പൌലൊസ് എടുത്തുകാണിക്കുന്നു. ശരിയായ സംഭാഷണം നിഷേധത്തിന് സ്ഥാനമില്ലാത്തതാണ്. അതു ജ്ഞാനമുള്ളതാണ് എന്നതിനു പുറമെ ശക്തവുമാണ്. ശരിയായ, യഥാർത്ഥമായ സംഭാഷണത്തിൽ "വിരോധി നമ്മെകൊണ്ടു ഒരു തിന്മയും പറയുവാൻ കഴിയാതെ ലജ്ജിക്കുന്നു (തീത്തോസ് 2.7-8). കൂടാതെ അവർക്കു ആക്ഷേപിക്കുവാൻ വക ലഭിക്കുന്നുമില്ല.

യഥാർത്ഥമായ അഥവാ ശക്തമായ സംഭാഷണം നിരൂപണങ്ങൾക്കും കുറ്റങ്ങൾക്കും ഉപരിയായിട്ടുള്ളതാണ് അതിനെ ആരോഗ്യമുള്ള സംഭാഷണമെന്നു ചിലർ വിശേഷിപ്പിക്കുന്നു. ചില പരിഭാഷകളിൽ പൂർണ്ണമായ, ഒഴിച്ചു കൂടാൻ പാടില്ലാത്ത സംഭാഷണമായി ശരിയായ സംഭാഷണത്തെ വ്യാഖ്യാനിക്കുന്നു. പൌലൊസ് കൊലൊസ്സ്യയിലുള്ള വിശ്വാസികളോട് ഇപ്രകാരം എഴുതുന്നു. ഓരോരുത്തനോട് നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്നു അറിയേണ്ടതിനു നിങ്ങളുടെ വാക്കു എപ്പോഴും കൃപയോടു കൂടിയതും ഉപ്പിനാൽ രുചിവരുത്തുന്നതും ആയിരിക്കട്ടെ (കൊലൊസ്സ്യർ 4:6.)

സംശയപ്രദമായ സംഭാഷണങ്ങൾ ഒരു ക്രിസ്ത്യാനിയുടെ അധരത്തിൽ നിന്നു പുറപ്പെടുമ്പോൾ ആ വ്യക്തിയുടെ സ്വഭാവത്തെ അതു വെളിപ്പെടുത്തുന്നു.

''ഉച്ചരിച്ച ഒരു വാക്ക് ഒരിക്കലും തിരിച്ചെടുക്കുവാൻ കഴിയുകയില്ല; ആയതിനാൽ ജ്ഞാനി അധരത്തിൽ കാവൽ ഏർപ്പെടുത്തുന്നു.''

ജ്ഞാനിയായ ശലോമോൻ ഇപ്രകാരം എഴുതി ''വാക്കിനാൽ ബദ്ധപ്പാടുള്ള മനുഷ്യനെ നീ കാണുന്നുവോ? അവനെക്കാൾ മൂഢനെക്കുറിച്ച് അധികം പ്രത്യാശയുണ്ട്'' (സദൃശവാക്യങ്ങൾ 29:20). ''വാക്കുപെരുപ്പം കൊണ്ട് ഭോഷൻെറ ജല്പനവും ജനിക്കുന്നു'' (സഭാപ്രസംഗി 5:3).

ഈ വാക്യങ്ങളിൽ നിന്ന് മനുഷ്യൻെറ ശക്തി വെളിപ്പെടുന്നു. ''മരണവും ജീവനും നാവിൻെറ അധികാരത്തിൽ ഇരിക്കുന്നു എന്നും ശലോമോൻ മനസിലാക്കി (സദൃശവാക്യങ്ങൾ 18:21). മൃദുവായ വാക്കിനെ പററി ''മൃദുവായ നാവു അസ്ഥിയെ നുറുക്കുന്നു'' (സദൃശവാക്യങ്ങൾ 25:15) എന്നും മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു'' എന്നും വിവരിക്കപ്പെട്ടിരിക്കുന്നു (സദൃശവാക്യങ്ങൾ 5:1).

ശരിയായ സ്ഥാനത്ത്, സമയത്തു ഉപയോഗിക്കുന്ന ശരിയായ സംഭാഷണം അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്നു, ജ്ഞാനിയായ രാജാവു പറഞ്ഞ പ്രകാരം (സദൃശവാക്യങ്ങൾ 25:11) തക്ക സമയത്തു പറഞ്ഞ വാക്കു വെള്ളിത്താലത്തിൽ പൊൻ നാരങ്ങ പോലെ. ഇപ്രകാരം ശലോമോൻ ബുദ്ധിയുള്ളതും, മധ്യത്തരവുമായ സംഭാഷണങ്ങളെപററി വിശദമായി വിവരിക്കുന്നു. കൂടാതെ എല്ലാ വാക്കുകളും ദൈവം ശ്രദ്ധിക്കുന്നു എന്നും വായനക്കാരെ ഓർമ്മപ്പെടുത്തുന്നു.

ജ്ഞാനിയുടെ വാക്കു നല്ല പരിജ്ഞാനം പ്രസ്താവിക്കുന്നു. മൂഢൻമാരുടെ വായോ ഭോഷത്വം പൊഴിക്കുന്നു. യഹോവയുടെ കണ്ണു എല്ലാടവും ഉണ്ട്. ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു. നാവിൻെറ ശാന്തത ജീവവൃക്ഷം; അതിൻെറ വക്രതയോ മനോവ്യസനം (സദൃശവാക്യങ്ങൾ 15:2-4).)

ബഞ്ചമിൻ ഫ്രാങ്ക്ലിൻ എന്ന പേരിലറിയപ്പെടുന്ന പ്രസിദ്ധനായ ഒരു സുവിശേഷ പ്രാസംഗികൻ ക്രിസ്ത്യാനികളുടെ സംഭാഷണത്തെ പററിയും അതിൽ ശ്രദ്ധിക്കേണ്ട ആവശ്യകതയെ പററിയും ഇപ്രകാരം എഴുതി.

"സത്യ വിരോധികളായ, സത്യം നിഷേധിക്കുന്ന വ്യക്തികൾ ക്രിസ്ത്യാനികളുടെ അധരത്തിൽ നിന്നു കടന്നു വരുന്ന ഓരോ വാക്കുകളും സൂക്ഷ്മമായി പരിശോധിക്കുകയും, ശോധന ചെയ്യുകയും അതിലെ തെററുകളും, കുറവുകളും ചൂണ്ടികാട്ടുകയും ചെയ്യും. ഇപ്രകാരം സംഭാഷണത്തിലെ തെററുകൾ ചൂണ്ടികാട്ടി അവർ സത്യത്തിൽ നിന്നും അനേകരുടെ ശ്രദ്ധ തെററിക്കാറുണ്ട്. ആയതിനാൽ നാം സത്യം എപ്രകാരം വ്യക്തമായും, ഘടകവിരുദ്ധങ്ങളായ പ്രയോഗങ്ങൾ ഒഴിവാക്കിയും, സത്യത്തിനു പ്രാധാന്യം നല്കിയും, സ്നേഹത്തിലും ആത്മ രക്ഷക്കായും ഉപയോഗിക്കണം എന്ന് അറിഞ്ഞിരിക്കേണം.

ആശയ വിനിമയം കൂടാതെ ജീവിതം ദുസഹമായി തീരുമെന്നു നമുക്ക് അറിയാം. കാരണം കാര്യങ്ങൾ അന്യോന്യം പറഞ്ഞു മനസിലാക്കി പ്രവർത്തിക്കണം. മനുഷ്യൻ ഒരു സമൂഹ ജീവിയാണല്ലൊ. സംസാര ശൈലിയാണെങ്കിൽ ഓരോരുത്തർക്കും വെവ്വേറെയായിരിക്കും. ഇതെല്ലാം കണക്കിലെടുത്തു വേണം നാം ആശയങ്ങൾ പ്രകടിപ്പിക്കുവാൻ. സന്ദർഭം മനസിലാക്കാതെ എടുത്തു ചാടി സംസാരിക്കരുതു. അപരന്നു മനസിലാകത്തക്കവണ്ണം വ്യക്തമാക്കി കൊടുക്കണം. വ്യംഗ്യാർത്ഥത്തിൽ ഉള്ള സംസാരം പലപ്പോഴും അപകടം വിളിച്ചു വരുത്തും. അതുകൊണ്ടു അർത്ഥവത്തായ രീതിയാണ് അവലംബിക്കേണ്ടതു. ആധുനിക മനുഷ്യർക്കിടയിൽ ആശയ വിനിമയത്തിനു നൂതന മാർഗ്ഗങ്ങൾ കണ്ടു പിടിച്ചിട്ടുണ്ട്. അവയിലും ദുരുപയോഗം ധാരാളം കാണപ്പെടുന്നുണ്ട്. സൂക്ഷിച്ചു കൈകാര്യം ചെയ്യേണ്ടതാണ് അവയെല്ലാം. നമുക്കെല്ലാവർക്കും സുഗമ

വും സുനിശ്ചിതവുമായ സംസാരശേഷി ദൈവം തന്നിരിക്കുന്നു. ഭാഷ കൈകാര്യം ചെയ്യുന്നതിനും നാം ശീലിച്ചിരിക്കണം.

വിദ്യാഭ്യാസം മാത്രം ഉണ്ടായാൽ പോരാ വിവരവും വേണം എന്നു പറയുന്നില്ലേ? അതു വാസ്തവമാണ്. വിവേകത്തോടെ സംസാരിക്കാൻ കഴിയുക എന്നതു വലിയ കാര്യമാണ്. സംസാരം കൊണ്ടു നമുക്കു ആരെയും വശീകരിക്കാൻ കഴിയും. അതുപോലെ തന്നെ സംഭാഷണം മോശമായാൽ ആരെയും വെറുപ്പിക്കുവാനും കഴിയും. ദുർഭാഷണത്താൽ സദാചാരം കെട്ടു പോകും എന്നു തിരുവെഴുത്തു പറയുന്നു. പരദൂഷണം വലിയ വിപത്തുകൾ വരുത്തി വെക്കും. എന്നാൽ വാക്കു അടക്കി വെക്കുന്നവൻ പരിജ്ഞാനമുള്ളവൻ (സദൃശവാക്യങ്ങൾ 17:27). ചിലരുണ്ട്, അവർ വായ്തുറന്നാൽ തല്ലു വിളിച്ചു വരുത്തും. മൂഢന്റെ വായ് അവന്നു നാശം വരുത്തും. നല്ല വർത്തമാനം അസ്ഥികളെ തണുപ്പിക്കുന്നു.

നമ്മുടെ അവയവങ്ങളിൽ ഏറ്റവും ചെറിയ അവയവമാണ് നാവ്. എന്നാൽ അതിനെ നാം എങ്ങനെ വിനിയോഗിക്കുന്നു എന്നു ഓർക്കുക. അല്പം അശ്രദ്ധ മൂലം ഒരു തീപ്പൊരി കാടു മുഴുവൻ നശിപ്പിക്കുന്നു. അതുപോലെ ശ്രദ്ധയില്ലാതെ നമ്മുടെ നാവ് ഉപയോഗിച്ചാൽ നാം ദുഃഖിക്കേണ്ടി വരും. പറയേണ്ടതു പറയേണ്ട വിധത്തിൽ വേണം പറയുവാൻ. സ്വരത്തിൽ നിന്നു അഥവാ നാം പുറപ്പെടുവിക്കുന്ന ശബ്ദത്തിൽ നിന്നു ആളുകൾ അതിന്റെ അർത്ഥം പിടിച്ചെടുക്കും. രണ്ടു പേർ തമ്മിൽ ആശയ വിനിമയം നടത്തുമ്പോൾ നാം ഒരു കാര്യം ശ്രദ്ധിക്കണം. നമുക്കു പറയുവാൻ സ്വാതന്ത്ര്യം ഉള്ളതുപോലെ മറ്റുള്ളവർക്കും ഉണ്ട്.

★

# യേശുവിന്നായി ജീവിക്കുക

**ജോണി രാംസെ**

ഒരിക്കൽ അലസനും വികൃതിയുമായ ഒരു വിദ്യാർത്ഥിയെ നന്നാക്കിയെടുക്കാൻ അവന്റെ അദ്ധ്യാപകൻ ശ്രമിച്ചു. ആരംഭത്തിൽ പലരും പറഞ്ഞു "ഇതു പാഴ്‌വേലയാണെന്നു." പക്ഷെ അദ്ദേഹത്തിനു ശുഭാപ്തി വിശ്വാസം ഉണ്ടായിരുന്നു. അതുകൊണ്ടു അയാൾ കഴിയുന്ന വിധത്തിലെല്ലാം അവന്റെ സ്വഭാവത്തെ മാററിയെടുക്കാൻ തയ്യാറായി. അവനോട് സ്നേഹ വായ്പും വാൽസല്ല്യവും കാണിച്ചു കൊണ്ടാണ് അവന്റെ തെററുകളെ മറക്കാൻ ശ്രമിച്ചത്. ഒടുവിൽ അവന്റെ നിഷേധാത്മക സ്വഭാവങ്ങളും ഒന്നൊന്നായി നീങ്ങി. വളരെ മിടുക്കനായ ഒരു വിദ്യാർത്ഥിയാണ് അവനെന്ന് തെളിയിക്കപ്പെട്ടു. പഠനത്തിലും കായിക വിനോദങ്ങളിലും മററു സൃഷ്ടി പരമായ പ്രവർത്തനങ്ങളിലും അവൻ വ്യാപൃതനായി. ആ അദ്ധ്യാപകനുണ്ടായ സന്തോഷത്തിനു അതിരില്ലായിരുന്നു. ഒരു പടയാളി അവന്റെ പ്രവർത്തിയും ലക്ഷ്യവും ധൈര്യവും പ്രാഗത്ഭ്യവും പ്രകടമാക്കുമ്പോൾ വാസ്തവത്തിൽ സൈന്യാധിപനു അവനിൽ അഭിമാനം ഉണ്ടാകും.

ഒരു ഓഫീസിൽ ആയാലും കമ്പനിയിൽ ആയാലും ശരി ഉദ്യോഗസ്ഥൻ തന്റെ കഠിനാദ്ധ്വാനവും കഴിവും ആത്മാർത്ഥമായി പ്രകടിപ്പിക്കുമ്പോൾ അവന്റെ മേലുദ്യോഗസ്ഥൻ തികച്ചും സന്തുഷ്ടനായി തീരും. ഖേദത്തോടെ പറയട്ടെ ഇത്തരം ആളുകൾ വളരെ വിരളമാണ്. സത്യ സന്ധതയും ആത്മാർത്ഥതയും കഠിനാദ്ധ്വാനവും ഇന്നു കുറഞ്ഞു കൊണ്ടിരിക്കുന്നു. എങ്ങനെയെങ്കിലും തള്ളിനീക്കണം എന്ന പ്രവണതയാണ് എവിടെയും കാണുന്നത്. സഭാതലങ്ങളിലും സ്ഥിതി വ്യത്യസ്തമല്ല. സ്വർഗ്ഗത്തിലെ യജമാനനെ സന്തോഷിപ്പിക്കുക എന്നതായിരിക്കണം ഓരോരുത്തരുടേയും ലക്ഷ്യം. നാം ജീവിക്കുന്ന ത

ലമുറ സമ്പൽ സമൃദ്ധമായ ഒരു സമൂഹത്തെ വാർത്തെടുക്കുന്ന ശ്രമത്തിലാണ്. എല്ലാവർക്കും ഓരോ ജീവിതോപാധി നല്കുവാൻ ലോകം കടപ്പെട്ടിരിക്കുന്നു എന്ന തോന്നലാണ് മിക്കവർക്കും ഉള്ളത്. അത്തരത്തിലുള്ള പൊള്ളയായ ചിന്ത കർത്താവിൻെറ രാജ്യമാകുന്ന അവൻെറ സഭയിലും കടന്നു കൂടിയിട്ടുണ്ട്. അതു ദുഃഖകരവും അപകടകരവുമായ ഒരു ചിന്തയാണ് എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. തിരുവെഴുത്തു വ്യക്തമായി പഠിപ്പിക്കുന്ന സത്യമാണ് നാം ശിഷ്യത്വത്തോടു ആത്മാർത്ഥതയും വിശ്വസ്തതയും പുലർത്തണം എന്നതു.

ഏലി ശമുവേലിനു കൊടുത്ത നിർദ്ദേശം വളരെ അർത്ഥവത്താണ് ''യഹോവേ അരുളിച്ചെയ്യേണമേ അടിയൻ കേൾക്കുന്നു'' (1 ശമൂവേൽ 3:9). കർത്താവ് കല്പിക്കുന്നതെല്ലാം അനുസരിക്കുവാനുള്ള മനോഭാവം ഏവർക്കും ഉണ്ടായിരിക്കണം. ദൈവത്തിനു വേണ്ടി ചെലവിടുവാൻ നാം ശീലിക്കണം. ദാവീദ് ദൈവത്തിനു യാഗം കഴിക്കുവാൻ വേണ്ട സാമഗ്രികൾ സൗജന്യമായി ലഭിച്ചുവെങ്കിലും സ്വീകരിക്കാതെ അതിൻെറ വില കൊടുത്തു വാങ്ങി യാഗം കഴിക്കയാണ് ചെയ്യുന്നതു. ദൈവത്തിനായി കൊടുക്കുവാൻ നമുക്ക് മനസുണ്ടാകണം (2 ശമുവേൽ 24:24). ദൈവിക ശുശ്രൂഷയിൽ ഉററിരുന്ന പൌലൊസിനെ അന്നത്തെ ഭരണാധികാരികൾ തടവിലാക്കിയപ്പോൾ, തടവിൽ കിടന്നു പറയുന്നതു ''ഞാൻ പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിനു ആഞ്ഞുകൊണ്ടു ലാക്കിലേക്ക് ഓടുന്നു എന്നാണ്'' (ഫിലിപ്പിയർ 3:14). ദൈവത്തെ അന്വേഷിച്ച് അവനെ അനുസരിക്കയായിരിക്കണം ഓരോരുത്തരുടേയും പ്രഥമ ആവശ്യം (യോഹന്നാൻ 5:29). ദൈവത്തെ പ്രസാദിപ്പിക്കുന്നതിൽ നാം മടുത്തു പോകരുത് ഗലാത്യർ 6:9). ദൈവത്തോടുള്ള നിരന്തരമായ കൂട്ടായ്മയും പ്രാർത്ഥനയും ധ്യാനവും ഉപദേശ കേൾവിയും ആയിരിക്കണം നമ്മുടെ സന്തോഷം. ജീവിക്കുന്നതിൻെറ ലക്ഷ്യം നമ്മുടെ ഹൃദയത്തിൽ നാം ഉറപ്പിക്കണം. ക്രിസ്തുവിൻെറ ഭാവമായിരി

ക്കണം നമ്മുടെ മനസിലെ ലക്ഷ്യം. നാം അവന്റെ വചനം പഠിക്കയും അതു മററുള്ളവർക്കു പങ്കിടുകയും ചെയ്യുക. യേശുക്രിസ്തു നമ്മുടെ ആനന്ദമായിരിക്കെ നാം ഫലം കായ്ച്ചുകൊണ്ടിരിക്കണം (യോഹന്നാൻ 15:8).

ക്രിസ്ത്യാനിത്വത്തിന്റെ മികവുററ സ്വഭാവത്തെ നാം ബുദ്ധി പരമായി വിലയിരുത്തുകയാണെങ്കിൽ ദൈവത്തിന്റെ വ്യവസ്ഥകളും ഏർപ്പാടുകളും പിൻപററുവാൻ നാം പോരാടും. തന്നെയുമല്ല, നമ്മുടെ ഊർജ്ജം സ്വർഗ്ഗീയ ഹേതുവിനായി വിനിയോഗിക്കും. നമ്മുടെ രക്ഷകൻ ചെയ്തുതന്ന ഉപകാരങ്ങൾ അനവധിയാണ്. നമ്മുടെ നാശം ഒഴിവാക്കി തന്ന കർത്താവിനെ ഓർക്കുമ്പോൾ നമുക്ക് എത്രമാത്രം സന്തോഷം ഉണ്ടാകും? യേശുക്രിസ്തു നമ്മുടെ എല്ലാമാണ് എന്ന കാര്യം നാം മറക്കരുതു. നമ്മുടെ സുഖം, നേട്ടം എന്നിവയെല്ലാം അനുഭവിപ്പിക്കുന്നതു കർത്താവാണ്. നമ്മുടെ മനസിനെ ദൈവത്തിന്റെ അഭീഷ്ടത്തിനായി നാം തിരിക്കുകയാണെങ്കിൽ ഇപ്പോൾ നാം വസിക്കുന്ന ദേശത്തേക്കാൾ എത്രയോ ശ്രേഷ്ഠമായ ഒരു സുവർണ്ണ ദേശത്തേക്കു നമ്മെ നയിക്കും എന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്.

എന്റെ ജീവിതത്തിലെ സഹായിയായി പ്രവർത്തിക്കുന്ന കർത്താവിന്റെ കരുണയെ ഞാൻ സംശയിക്കയോ? ഒരു നാളും അരുത്. എന്റെ വഴികൾ സ്ഥിരപ്പെടുത്തി എന്നെ നയിക്കുന്ന രക്ഷകൻ എന്നോടൊപ്പം ഉണ്ടെങ്കിൽ എനിക്കു മറെറന്തു വേണം? എപ്പിക്കൂറിയൻ തത്വജ്ഞാനം ഒരിക്കലും കർത്താവിനെ പിൻപററുന്നവരോടു യോജിക്കാറില്ല. യേശുക്രിസ്തുവിനോടു വിവാഹ നിശ്ചയത്തിലേർപ്പെട്ടിരിക്കുന്ന നിർമ്മല കന്യകമാർ, അവരുടെ മണവാളൻ എവിടെ പോയാലും അവർ അവനോടു കൂടെ ആയിരിക്കും. അവരെ അവൻ വീണ്ടെടുത്തതാണ് (വെളിപ്പാട് 14:4),

ക്രിസ്തുവുമായി ബന്ധപ്പെടുന്ന ഓരോ വ്യക്തിക്കും ഉള്ളിൽ പ്രത്യാശയുണ്ട്. കൂടാരമായ ഈ ഭൗമ ഭവനം അഴിഞ്ഞു പോയാൽ നിത്യമായ ഒരു ഭവനം സ്വർഗ്ഗത്തിൽ അവർക്കായിട്ടുള്ളതുകൊണ്ട് അവർക്കു സന്തോഷിക്കാം. മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം എന്നുവെച്ച് അപ്പൊസ്തലനായ പൌലൊസ് എല്ലാം ചവറ് എന്നു എണ്ണി. ക്രിസ്തു തന്റെ അപാര ശക്തിയാൽ നമ്മുടെ താഴ്മയുള്ള ശരീരത്തെ മഹത്വമുള്ള ശരീരമായി രൂപാന്തരപ്പെടുത്തും (ഫിലിപ്പിയർ 3:21). തന്റെ ശിഷ്യന്മാരെ കർത്താവ് സ്നേഹിതന്മാർ എന്ന പോലെ കാണുന്നു. മററുള്ളവരോടുള്ള ആഴമേറിയ സ്നേഹം കൊണ്ടാണ് ലോകത്തിൽ എല്ലായിടത്തും അവന്റെ ദാസന്മാരെ അയച്ചു രക്ഷാ സന്ദേശം പ്രസംഗിക്കുവാൻ വ്യവസ്ഥ ചെയ്തതു (മർക്കൊസ് 16:15). നഷ്ടപ്പെടുന്ന ആത്മാക്കളോടുള്ള ആർദ്രത അവൻ പ്രകടമാക്കി. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആത്മാക്കൾക്കു രക്ഷാ വാഗ്ദാനം വെച്ചു ക്ഷണിക്കുമ്പോൾ, അതു എങ്ങനെ തള്ളിക്കളയാൻ പററും? അവൻ സ്നേഹത്തോടെ സൗമ്യതയോടെ ക്ഷണിക്കയാണ്.

നാം എന്നുമെന്നും ബഹുമാനിക്കേണ്ടതായ അവന്റെ അനുഗ്രഹങ്ങൾ ധാരാളമുണ്ട്. മുഖ്യമായ ചിലതു എടുത്തു പറയട്ടെ. ആദ്യമായി അവന്റെ ക്രൂശ്. അതിന്റെ പ്രാധാന്യം ഒരു മരത്തിലൊ ലോഹത്തിലോ ഒതുങ്ങുന്നതല്ല. അപ്പൊസ്തലനായ പൌലൊസ് എഴുതിയിരിക്കുന്നത് ''കർത്താവായ യേശുവിന്റെ ക്രൂശിൽ അല്ലാതെ എനിക്കു പ്രശംസിപ്പാൻ ഇട വരരുത്. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാത്യർ 6:14). രണ്ടാമതായി അവന്റെ കല്പനകൾ (യോഹന്നാൻ 15:14). നിങ്ങൾ അവനെ സ്നേഹിക്കുന്നുവെങ്കിൽ അവന്റെ കല്പനകൾ പ്രമാണിക്കും.

★

# ഉദയ സൂര്യൻ

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

പച്ചിലക്കാടുകൾ തിങ്ങിവിങ്ങുന്നൊരു,
സ്വച്ഛന്തമായ മലകൾക്കിടയിടെ.
തൂവെള്ളിക്കട്ടിപോൽ വെട്ടിമിന്നുന്നൊരു,
വെള്ളിക്കതിരവൻ എത്തിനോക്കുന്നഹോ.

ചേററിലെ താമര പുഞ്ചിരിതൂകുന്നു,
വൃക്ഷലതാതികൾ തെന്നലിലാടുന്നു.
തുള്ളനും മൂങ്ങയും തുള്ളികളിക്കുന്നു,
ചക്കരക്കുട്ടനും തൊട്ടിലിലാടുന്നു.

വിശ്വംമ്പരേശ്വരി വാരിപ്പുണർന്നൊരു,
ഭീതിയാം കൂരിരുൾ എങ്ങോമറയുന്നു.
തെന്നലിലാടുന്ന കുഞ്ഞിളം മാനിതെ,
പച്ചപ്പുൽക്കാടുകൾ മാടിവിളിക്കുന്നു.

അന്തിക്കതിരവൻ ഇങ്ങനെയാണെങ്കിൽ,
നീതിയിൻ സൂര്യനതെങ്ങനെയാകുമോ.
ചക്രവാളങ്ങളും ജ്യോതിർഗോളങ്ങളും,
അമ്പരവീഥിയും നക്ഷത്രഗോളങ്ങളും.

മിന്നിവിളങ്ങുമേ തങ്കക്കിരണത്താൽ,
നീതിയിൻ സൂര്യനുദിക്കുമെൻ വാഴ്‌കയിൽ.
താമരപ്പൂപോൽ വിടരുമതു നിശ്ചയം,
തൻപ്രഭയേൽക്കും പ്രപഞ്ച പ്രഭാവത്തിൽ.

എല്ലാം മയങ്ങുമേ മങ്ങിതെളിയുമേ,
നീതിയിൻ സൂര്യനുദിക്കുമേ നിശ്ചയം.

# മാതൃകാ പ്രാർത്ഥന

**ജി. E.W**

**സു**വിശേഷ പ്രവർത്തനത്തിന്റെ പ്രാരംഭ സന്ദർഭങ്ങളിൽ യേശു തന്റെ ശിഷ്യന്മാരെ പലതും പഠിപ്പിച്ചു എന്നു നമുക്ക് അറിയാം. എങ്ങനെ പ്രാർത്ഥിക്കണമെന്നും അവൻ അവരെ പഠിപ്പിച്ചു. നിങ്ങൾ ഈ വണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമെ, നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേ പോലെ ഭൂമിയിലും ആകേണമേ; ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ, ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതു പോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമേ, ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ, രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലൊ (മത്തായി 6:9-13).

## പൊതുവായ നിരീക്ഷണം

യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവക്കു മുൻപ് അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്ന ഒരു മാതൃകാ പ്രാർത്ഥനയാണ് ഇത്. കർത്താവു പറഞ്ഞതു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഈ വണ്ണം പ്രാർത്ഥിപ്പിൻ എന്നാണ്. ആവർത്തിച്ചു പ്രാർത്ഥിക്കുന്നതിലുള്ള അപാകത ചൂണ്ടി കാണിച്ചുകൊണ്ടാണ് കർത്താവ് അവരെ ശരിയായി പ്രാർത്ഥിപ്പാൻ ശീലിപ്പിക്കുന്നത്. ഈ വണ്ണം എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ഇതു പോലെ പ്രാർത്ഥിക്കണം എന്നാണ്. അതു ശിഷ്യന്മാരെ പരിശീലിപ്പിച്ചതുമാണ്. അതു തന്നെ ആവർത്തിച്ചു പ്രാർത്ഥിക്കുന്നതിനു വേണ്ടിയല്ല. നിങ്ങൾ ജാതികളെ പോലെ ജല്പനം ചെയ്യരുതു എന്നു കർത്താവു അവരോട് പറയുന്നുമുണ്ട് (മത്തായി 6:7). പലരും ഈ പ്രാർത്ഥ

ന ദിവസവും ഉരുവിടുന്നുണ്ട്. അതുകൊണ്ടു യാതൊരു ഫലവുമില്ല. മാത്രമല്ല, അതു നിരർത്ഥകവുമാണ്.

പെന്തക്കൊസ്തു നാളിൽ നടക്കുന്ന സംഭവങ്ങൾക്കു മുൻപാണ് അവരെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നതു (പ്രവൃത്തി 2 നോക്കുക). ദൈവ രാജ്യം വരുന്നതിനു മുൻപാണ് ഈ പ്രാർത്ഥന അവർക്കു കൊടുക്കുന്നതു. തന്റെ ശിഷ്യരിൽ ചിലരോട് കർത്താവു പറഞ്ഞതു ശ്രദ്ധിക്കുക, പിന്നെ അവൻ അവരോട്: ദൈവ രാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ട് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു (മർക്കൊസ് 9:1). പെസഹ കഴിഞ്ഞ് അമ്പതു ദിവസത്തിനുശേഷം പെന്തെക്കൊസ്തു നാളിൽ അവൻ വാഗ്ദാനം ചെയ്ത രാജ്യം ശക്തിയോടെ വന്നു (പ്രവൃത്തി 1:8). ഇതിനു മദ്ധ്യേ യേശു മരിക്കയും ഉയിർത്തെഴുന്നേററു സ്വർഗ്ഗത്തിൽ പോകുകയും ചെയ്തു. ആ ദിവസം മൂവായിരംപേർ രൂപാന്തരപ്പെടുകയും രാജ്യം സ്ഥാപിതമാവുകയും ചെയ്തു (പ്രവൃത്തി 2:38-41). അങ്ങനെ യെരുശലേമിൽ ആരംഭിച്ച രാജ്യം യെഹൂദ്യാ, ശമര്യാ തുടങ്ങിയ സ്ഥലങ്ങളിലേക്കു വ്യാപിച്ചു. ഫിലിപ്പൊസ് ശമര്യയിൽ ചെന്നു ദൈവ വചനം ഘോഷിച്ചു. രാജ്യത്തിന്റെ സുവിശേഷം കേട്ട സ്ത്രീപുരുഷന്മാർ വെള്ളത്താലും ആത്മാവിനാലും ജനിച്ചു (പ്രവൃത്തി 8:12). അങ്ങനെ അവർ ദൈവ രാജ്യത്തിലായി. പിന്നീട് പൌലൊസും യോഹന്നാനും ആ രാജ്യത്തിലായി തീർന്നതിനെ പ്രതിപാദിക്കുന്നുണ്ട് (കൊലൊസ്യർ 1:13; വെളിപ്പാട് 1:9).

പ്രാർത്ഥന അവസാനിപ്പിക്കുന്നതു ശ്രദ്ധിക്കുക അവന്റെ നാമത്തിൽ അവസാനിപ്പിക്കുന്നില്ല. മറിച്ച് അവൻ സ്വർഗ്ഗത്തിൽ തന്റെ പിതാവിന്റെ അടുക്കലേക്കു പോകുന്ന നാഴികയെ കുറിച്ച് സംസാരിച്ചപ്പോൾ കർത്താവു പറയുന്നു: ''അന്നു നിങ്ങൾ എന്നോടു ഒന്നും ചോദിക്കയില്ല.

ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്കു തരും. ഇന്നു വരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല. അപേക്ഷിപ്പിൻ; എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകും വണ്ണം നിങ്ങൾക്കു ലഭിക്കും (യോഹന്നാൻ 16:23). അതുകൊണ്ടു ദൈവം ഏകനും ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥനും ഏകൻ. അതുകൊണ്ടു ഇന്നു നാം യേശു മുഖാന്തരമാണ് പ്രാർത്ഥിക്കേണ്ടതു. മററു മദ്ധ്യസ്ഥന്മാരുടെ ആവശ്യമില്ല. പുണ്യവാളന്മാരിൽ കൂടെയുള്ള പ്രാർത്ഥന ദൈവം കൈക്കൊള്ളുന്നുമില്ല.

യേശുക്രിസ്തു നമ്മുടെ മഹാ പുരോഹിതൻ കൂടിയാണ് (എബ്രായർ 8:1). ക്രിസ്തുവിന്റെ രാജ്യത്തിൽ ആളുകൾക്കു വേണ്ടി പക്ഷവാദം നടത്തുവാനുള്ള പ്രത്യേക പുരോഹിത ജാതി ഇല്ല. ''അവൻ നമ്മെ പുരോഹിതൻമാരാക്കി വെച്ചിരിക്കുന്നു'' എന്നു എഴുതിയിരിക്കുന്നതു പോലെ ക്രിസ്തുവിലായി തീർന്നവർ എല്ലാവരും പുരോഹിതന്മാർ ആകുന്നു (വെളിപ്പാട് 1:6). ക്രിസ്തുവിന്റെ സഭയായ അവന്റെ രാജ്യത്തിൽ ഭൂമിയിൽ ചേർക്കപ്പെടുന്ന വിശുദ്ധന്മാർ എല്ലാവരും ആണ് പുരോഹിതന്മാരായി തീരുന്നത്. അങ്ങനെയുള്ളവർ രാജകീയ പുരോഹിത വർഗ്ഗമാകുന്നു എന്നു പത്രൊസ് രേഖപ്പെടുത്തിയിരിക്കുന്നു. (1 പത്രൊസ് 2:9). നാം പുരോഹിതന്മാരാക കൊണ്ടും അവന്റെ രാജ്യത്തിൽ ആയി തീർന്നതുകൊണ്ടു നമുക്കു ധൈര്യത്തോടെ നമ്മുടെ മഹാ പുരോഹിതന്റെ സിംഹാസനത്തോടു അടുത്തു ചെല്ലാം (എബ്രായർ 4:14-16).

ഇപ്പോഴത്തെ പ്രാർത്ഥനക്കുള്ള ഒരു രൂപരേഖ നമുക്കു കണ്ടെത്താൻ കഴിയുന്നു. അതു ഇപ്രകാരമാണ് 1. പിതാവിനെ സംബോധന ചെയ്യുന്നു. 2. പിതാവിന്റെ നാമത്തെ ബഹുമാനിക്കുന്നു.

(ശേഷം അടുത്ത ലക്കത്തിൽ)

★

# ജ്ഞാനമുള്ള അനുയായികൾ കണ്ടെത്തുന്നതെന്ത്?

നീൽ പൊള്ളാർഡ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ബുദ്ധി ജീവികളായ ആളുകളും ഇവരിൽ ഉൾപ്പെടുന്നു. ലോക ദൃഷ്ടിയിൽ അവരുടെ പാണ്ഡിത്യവും പദവിയും ഉയർന്നതാണ്. പക്ഷെ എന്തുചെയ്യാം. അവർ ജ്ഞാനികളെന്നു പറഞ്ഞു ദോഷന്മാരായി കാണിക്കുന്നു. ഇവയൊന്നും അവരോടു പറഞ്ഞാൽ അവർ സമ്മതിക്കയില്ല.

ദൈവ ജ്ഞാനമുള്ളവർ ജീവനെ കണ്ടെത്തും. ക്രിസ്തുവിനേയും അവന്റെ ഉപദേശത്തെയും കണ്ടെത്തുന്നവർ അവന്റെ സഭയെ തിരിച്ചറിയും. അവന്റെ രക്ഷ കണ്ടെത്തുന്നവർ അതു നഷ്ടമാക്കുകയില്ല. ക്രിസ്തുവിന്റെ സഭയിൽ പ്രവേശിക്കുന്നവർക്കു നിത്യ ജീവൻ ലഭിക്കുന്നു (റോമർ 6:4; 16:16). ജീവന്റെ അപ്പം ഭക്ഷിക്കാൻ കിട്ടുന്നതു അവന്റെ സഭയിൽ ആയിത്തീർന്നവർക്കാണ് (യോഹന്നാൻ 6:35). ആത്മീയ വിശപ്പും ദാഹവും ഉണ്ടാകാതിരിക്കുന്നതു കർത്താവിന്റെ സഭയിലുള്ളവർക്കാണ്. ക്രിസ്തുവിനെ വിശ്വസ്തതയോടെ പിൻപറ്റുന്നവർ നിത്യതയിൽ ജീവ വൃക്ഷത്തിൽ നിന്നു ഭക്ഷിക്കും (വെളിപ്പാട് 2:7). മരണ പര്യന്തം വിശ്വസ്തരായി ജീവിച്ചാൽ അവർക്കു ജീവകിരീടം ലഭിക്കും (വെളിപ്പാട് 2:10). ദൈവത്തോടു കൂടെ എന്നേക്കും വസിക്കുവാൻ കഴിയുക എന്നതു പരമോന്നതമായ ഒരു പദവി തന്നെയാണ്. തേജസ്കരിക്കപ്പെട്ട ശരീരത്തോടു കൂടി ദൈവ മഹിമ നേരിട്ട് എപ്പോഴും കാണാവുന്ന അവസ്ഥ എത്ര ശ്ലാഘനീയം.

ബുദ്ധിയുള്ള അനുയായികൾ നീതി കണ്ടെത്തും. നീതിക്കു വേണ്ടി വിശപ്പും ദാഹവും ഉള്ളവർക്കു തൃപ്തി വരും എന്നു കർത്താവു പഠിപ്പിച്ചിരിക്കുന്നു (മത്തായി 5:

6). അതു ആത്മാവിൻെറ ഫലം ആണ്. ആത്മാവിനെ അനുസരിച്ച് നടപ്പിൻ; എന്നാൽ നിങ്ങൾ മോഹം നിവർത്തിക്കയില്ല. ആത്മാവിൻെറ ഇച്ഛയാണ് നാം തിരിച്ചറിയേണ്ടതു. ദൈവ സന്നിധിയിൽ ഏതാണ് ശരി എന്നു മനസിലാക്കി പ്രവർത്തിക്കുകയാണ് ഓരോരുത്തരും ചെയ്യേണ്ടതു. നീതിയുടെ രാജാവാണ് ക്രിസ്തു. മനുഷ്യ നീതിയും ദൈവ നീതിയും രണ്ടും രണ്ടാണ്. അവൻ നീതിമാനായ കാര്യസ്ഥനും നീതിമാനായ മഹാ പുരോഹിതനും ആകുന്നു (എബ്രായർ 6:20; 7:1-2). അവൻ സമാധാനത്തിൻെറ രാജാവാണ്. ലോകത്തിൽ നീതിയും സമാധാനവും ഇല്ലാതാകുന്നതിൻെറ കാരണം അവർ ക്രിസ്തുവിൻെറ നീതിയും ഭരണവും സ്വീകരിക്കാത്തതു കൊണ്ടാണ്. ദൈവ രാജ്യവും നീതിയും അന്വേഷിക്കുന്നവർക്കു ദൈവം തൻെറ നീതിയും സമാധാനവും കൊടുക്കും. ക്രിസ്തുവിൻെറ വാഗ്ദാനങ്ങളിൽ നിങ്ങൾക്കു പൂർണ്ണമായും വിശ്വസിക്കാം.

അവൻ നീതിമാൻ എന്നു നിങ്ങൾ ഗ്രഹിച്ചിരിക്കുന്നു എങ്കിൽ നീതി ചെയ്യുന്നവൻ ഒക്കെയും അവനിൽ നിന്നു ജനിച്ചിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നു (1 യോഹന്നാൻ 2:29). ആദരവു ലഭിക്കുന്നതു സേവനം, താഴ്മ, അനുസരണം എന്നിവയിൽ കൂടെയാണ്. ജ്ഞാനം അന്വേഷിച്ചു കണ്ടെത്തണം. ദൈവ ഭക്തിയാണ് യഥാർത്ഥമായ ജ്ഞാനം.

ഭോഷൻ തൻെറ സ്വന്ത ഹൃദയത്തിൽ തോന്നുംപോലെ സഞ്ചരിക്കുന്നു. വീതിയും വിശാലവുമായ വഴിയാണ് അവനു ഇഷ്ടം. നാശത്തിലേക്കു പോകുന്നതും അതു തന്നെയാണ് (മത്തായി 7:13-14). എന്നാൽ നീതി കണ്ടെത്തുന്നവർ ഇടുങ്ങിയ വഴിയിലൂടെ സഞ്ചരിക്കും. അതു കണ്ടെത്തുന്നവർ ചുരുക്കം അത്രേ.

★

# ക്രൂശിലെ കള്ളൻ

## ഫ്ളവിൽ നിക്കൊൾസ്

യേശുക്രിസ്തുവിനോടു കൂടെ രണ്ടു കള്ളന്മാരെയും ക്രൂശിൽ തറെച്ചിരുന്നുവല്ലൊ. അവരിൽ ഒരാളോടു യേശുക്രിസ്തു പറയുകയുണ്ടായി "യേശു അവനോടു: ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു എന്നു പറഞ്ഞു (ലൂക്കോസ് 23:43). ഇതിനെച്ചൊല്ലി പൊതുവായി തെററിദ്ധരിച്ചിട്ടുള്ള വിശ്വാസമാണ് ക്രൂശിലെ കള്ളൻ സ്നാനം കൂടാതെ പറുദീസയിലേക്ക് എടുക്കപ്പെട്ടല്ലൊ അതുകൊണ്ട് സ്നാനത്തിൻെറ ആവശ്യം ഇല്ല എന്നതു. അവരുടെ വാഗ്ദാനങ്ങൾക്കു എത്രമാത്രം പ്രസക്തി ഉണ്ട് എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. പാപിയായിരുന്നെങ്കിലും കള്ളനു യേശു പറുദീസ വാഗ്ദാനം ചെയ്തു എന്നും ക്രൂശിലെ കള്ളൻ സ്നാനപ്പെട്ടില്ല എങ്കിലും അവനു രക്ഷ കിട്ടി. അതുകൊണ്ടു സ്നാനം കൂടാതെ രക്ഷ കിട്ടും എന്നുമാണ് അവരുടെ വാദം.

യേശുക്രിസ്തു മരിച്ചശേഷം പറുദീസയിൽ പോയി. കള്ളനോടു പറഞ്ഞ വാഗ്ദാന പ്രകാരം അവനും പറുദീസയിൽ പോയി. അപ്പോൾ ആ വാഗ്ദാനം നിറവേറി എന്നു നമുക്ക് അറിയാം. പക്ഷെ അവൻ സ്നാനമേററിട്ടില്ല എന്നു അവർക്കു എങ്ങനെ തെളിയിക്കാൻ പററും? ഒരു പക്ഷെ അന്നു നിലവിലുണ്ടായിരുന്ന യോഹന്നാൻ സ്നാപകൻെറ സ്നാനം അവൻ ഏററിരിക്കാം. അതു രക്ഷകനായ യേശുക്രിസ്തുവിനു അറിയാം. ഒരിക്കൽ വചനാനുസരണം സ്നാനമേററവർ പിന്നീട് സ്നാനം ഏല്ക്കേണ്ട ആവശ്യമില്ല. അവർ പിന്നീട് തെററു ചെയ്താൽ മാനസാന്തരപ്പെടുകയാണ് ആവശ്യം. അവൻ അതു ചെയ്യുകയും ചെയ്യുന്നുണ്ട്. അതിൻെറ തെളിവുകൾക്കായി വചനത്തിലേക്ക് നമുക്ക് തിരിയാം.

## സ്നാനം ഏറ്റിരിക്കാം

യോഹന്നാൻ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നപ്പോഴും ധാരാളം പുരുഷാരം പല ഭാഗങ്ങളിൽ നിന്നും സ്നാനമേല്ക്കുവാൻ വരികയുണ്ടായി (മത്തായി 3:5-6; മർക്കൊസ് 1:5; ലൂക്കൊസ് 3:7). അതുകൊണ്ട് ഈ കള്ളനും യോഹന്നാന്റെ ശിഷ്യന്മാരിൽ പെട്ട ഒരാളായിരുന്നിരിക്കാം. പിന്നീട് അവിശ്വസ്തനായി പോയതാകാം. യോഹന്നാൻ തടവിലായശേഷം യേശു യോഹന്നാനെക്കാൾ അധികം ശിഷ്യന്മാരെ ചേർത്തു സ്നാനം കൊടുക്കുകയുണ്ടായി (യോഹന്നാൻ 4:1-2). കള്ളനെ പിടിച്ച് ക്രൂശിൽ തറക്കുന്നതിനു മുൻപു അവൻ സ്നാനപ്പെട്ടിരിക്കാം. അതുകൊണ്ട് അവൻ സ്നാനമേററില്ല എന്നു പറയുന്നതു അടിസ്ഥാന രഹിതമാണ്. അതിനു തെളിവുകൾ ഇല്ല. ഒരിക്കലും തെളിയിക്കാൻ പററുന്നതുമല്ല. പിന്നെ അതിൽ പിടിച്ച് തൂങ്ങി ഒഴിഞ്ഞു മാറാമെന്നതു മൗഢ്യമാണ്.

## പുതിയ നിയമത്തിൻ കീഴിൽ വരുന്നില്ല

ക്രിസ്തു മരിക്കുന്നതുവരെ അവന്റെ ഉടമ്പടി അഥവാ സാക്ഷ്യം പ്രാബല്ല്യത്തിൽ വരുന്നില്ല (എബ്രായർ 9: 15-17). നീ എന്നോടു കൂടെ ഇന്നു പറുദീസയിൽ ഇരിക്കും എന്നു വാഗ്ദാനം ചെയ്യുമ്പോഴും യേശു മരിച്ചിട്ടില്ലായിരുന്നു. ആകയാൽ കർത്താവിന്റെ നിയമം അല്ലെങ്കിൽ പുതിയ നിയമം ആ സമയത്തു ഉറപ്പായിട്ടില്ല. പുതിയ നിയമത്തിലെ രൂപാന്തരത്തിനു കള്ളന്റെ ഉദാഹരണം എടുക്കാവുന്നതല്ല. ഇന്നത്തെ ആളുകളുടെ രക്ഷക്കു അതു ബാധകമേയല്ല. കള്ളൻ ജീവിച്ചിരുന്നതു ന്യായ പ്രമാണം നിലവിലിരുന്ന സമയത്താണ്. യേശു ക്രിസ്തുവിന്റെ ജനനം മുതൽ പുതിയ നിയമം പ്രാബല്ല്യത്തിൽ വന്നു എന്നു ധാരണയുള്ളവർ ഉണ്ട് അതു തെററാണ്. ക്രിസ്തുവിന്റെ മരണശേഷമാണ് അവൻ ആധികാരികമായി സുവിശേഷം അറിയിക്കാൻ തന്റെ ശിഷ്യന്മാരെ സർവ്വലോകത്തിലേക്കും അയക്കുന്നതു.

(ശേഷം അടുത്ത ലക്കത്തിൽ)

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9 15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert

Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443978

To